പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1813

04.12.2018-ൽ മറുപടിയ്ക്ക്

## ആയവന ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണം

*ചോദ്യം*

ശ്രീ.എൽദോ എബ്രഹാം

*ഉത്തരം*

ഡോ.കെ.ടി.ജലീൽ

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ആയവന ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തതിലെ അപാകത സംബന്ധിച്ച പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ), (ബി), & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയവന ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണത്തിനായി മൂവാറ്റുപ്പുഴ താലൂക്കിലെ ഏനാനെല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 557/7 C2, 557/7 B, 557/7 B2, 557/7 A2 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 1.7 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി G.O. (Rt)2284/2015/HEDN dated 03/09/2015 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും സ്ഥലം ഏറ്റെടുപ്പിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ടെക്നിക്കൽ ഹൈസ്കൂളിന് അനുയോജ്യമല്ലെന്നും, സ്ഥലമേറ്റെടുപ്പിലെ അഴിമതി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് ആയവന ഗ്രാമ പഞ്ചായത്ത് മെമ്പർ |
| (ബി) | എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | | |
| (സി) | പ്രസ്തുത സ്കൂളിനായി സ്ഥലം എടുക്കുന്നതിനുള്ള സുതാര്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

| | |
|---|---|
| | സമർപ്പിച്ച പരാതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ